ഉത്തരം

(എ-സി) പ്രമുഖ ടൂർ ഓപ്പറേറ്റർമാർ, പത്രപ്രവർത്തകർ, മറ്റു ദൃശ്യ-ശ്രാവ്യ മാധ്യമ പ്രവർത്തകർ, കേരളത്തിലെ ടൂറിസം പ്രചാരണത്തിനും കെ.റ്റി.ഡി.സി ബിസിനസ് പുരോഗതിക്കും സഹായകരമാകുന്നവർ തുടങ്ങിയവർക്ക് കെ.റ്റി.ഡി.സി.-യും ടൂറിസം വകുപ്പും സൗജന്യങ്ങൾ നൽകിയിട്ടുണ്ട്. ഇതു സംബന്ധിച്ച വിശദവിവരങ്ങൾ ശേഖരിച്ചുവരുന്നു.

164 (1099) ആറാട്ടുപുഴ ഉത്സവം

ശ്രീ. കെ. പി. രാജേന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദസഞ്ചാര-നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ ജില്ലയിൽ ഉൾപ്പെടുന്ന പ്രശസ്തമായ "ആറാട്ടുപുഴ" ഉത്സവത്തിന് ആഗോളതലത്തിൽ ടൂറിസ്റ്റുകളെ ആകർഷിക്കുന്നതിന് സംസ്ഥാന ടൂറിസം വകുപ്പ് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണ്;

(ബി) വിദേശ ടൂറിസ്റ്റുകളും അഭ്യന്തര ടൂറിസ്റ്റുകളും ഇവിടെ ഉത്സവത്തിന് എത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ;

(സി) പ്രശസ്തമായ ഈ മേളയുടെ പ്രധാന്യം വിശദമാക്കുന്നതിനും പ്രചരിപ്പിക്കുന്നതിനുമായി ഒരു വീഡിയോ ഫിലിം നിർമ്മിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ഡി) ഈ ഉത്സവത്തിന് സംസ്ഥാന സർക്കാർ നൽകിവരുന്ന സാമ്പത്തികസഹായം എന്തൊക്കെയാണെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ടൂറിസം വകുപ്പിന്റെ വെബ്സൈറ്റ്, ലഘുലേഖകൻ എന്നിവയിലൂടെ ആറാട്ടുപുഴ പൂരത്തിന് ആവശ്യമായ പ്രചരണം നൽകിവരുന്നു.

(ബി) കേരളത്തിലെ ഉത്സവങ്ങളുടേതു മാത്രമായ ഒരു ബ്രോഷർ/കലണ്ടർ തയ്യാറാക്കി, ആയതിൽ ആറാട്ടുപുഴ പൂരം ഉൾപ്പെടുത്തി ആവശ്യമായ പ്രചരണം രാജ്യത്തിനകത്തും പുറത്തും നൽകുന്നുണ്ട്.

(സി) ഇപ്പോൾ ആലോചനയിലില്ല.

(ഡി) കഴിഞ്ഞവർഷം ആറാട്ടുപുഴ പൂരത്തിന് ഒരു ലക്ഷം രൂപ ധനസഹായം നൽകി.

വിനോദസഞ്ചാര വകുപ്പ് ഉദ്യോഗസ്ഥരുടെ വിദേശയാത്ര

165 (1100) ശ്രീ. കെ. അച്ചുതൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദസഞ്ചാര-നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം വിനോദസഞ്ചാരവകുപ്പിലേയും കെ. ടി. ഡി. സി. യിലേയും ഏതെല്ലാം ഉദ്യോഗസ്ഥന്മാർ വിദേശയാത്ര നടത്തിയിട്ടുണ്ടെന്നും അവർ ആരൊക്കെയാണെന്നും ഏതൊക്കെ രാജ്യങ്ങൾ സന്ദർശിച്ചിട്ടുണ്ടെന്നും വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇവരുടെ യാത്രയ്ക്കും അതോടനുബന്ധിച്ചുള്ള മറ്റ് ആവശ്യങ്ങൾക്കുമായി എന്തു തുക ചെലവായിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(സി) ഇവർ എന്ത് ആവശ്യത്തിനാണ് വിദേശയാത്ര നടത്തിയിട്ടുള്ളത് ;

(ഡി) പ്രസ്തുത യാത്രയുടെ ഫലമായി എത്ര വിദേശികൾ കേരളം സന്ദർശിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) വിശദവിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.†

(ബി) ഇവരുടെ യാത്രയ്ക്കായി 21,40,364 രൂപയും അതുമായി ബന്ധപ്പെട്ട മറ്റു ചെലവുകൾ (മേളകളിലെ സ്റ്റാൾ ഒരുക്കൽ, പ്രചരണ സാമഗ്രികളുടെ ട്രാൻപോർട്ടേഷൻ പ്രസന്റേഷൻ, പത്ര സമ്മേളനം, സംഘടിപ്പിക്കൽ തുടങ്ങിയവയ്ക്ക്) 77,49,406 രൂപയും ചെലവായിട്ടുണ്ട്.

(സി) വിദേശത്തുനടക്കുന്ന പ്രധാന ടൂറിസം മേളകളിൽ പങ്കെടുക്കുന്നതിനും, ഈ യാത്രാവേളകളിൽതന്നെ കേരളത്തിലേക്ക് കൂടുതൽ ടൂറിസ്റ്റുകളെ ആകർഷിക്കാൻ സാധ്യതയുള്ള പ്രധാന വിദേശ നഗരങ്ങളിലെ ഇന്ത്യാഗവൺമെന്റ് ടൂറിസ്റ്റ് ഓഫീസുകൾ വഴിയും മറ്റും ടൂർ ഓപ്പറേറ്റർമാർ, മാധ്യമപ്രവർത്തകർ, ടൂറിസം വ്യവസായവുമായി ബന്ധപ്പെട്ടവർ എന്നിവർ മുമ്പാകെ കേരളത്തിലെ ടൂറിസം സൗകര്യങ്ങൾ, ടൂറിസ്റ്റ് കേന്ദ്രങ്ങൾ എന്നിവ സംബന്ധിച്ച് ഫലപ്രദമായ പ്രചാരണ പ്രവർത്തനങ്ങൾ നടത്തുന്നതിനുമാണ് വിദേശയാത്ര നടത്തിയത്.

(ഡി) മേൽപ്പറഞ്ഞ യാത്രകൾ കേരള ടൂറിസത്തിന്റെ പ്രചാരണ പ്രവർത്തനങ്ങളിൽ പ്രധാന പങ്കുവഹിക്കുന്നുണ്ട്. ഇതിന്റെ ഫലമായി മാത്രം എത്രപേർ കേരളം സന്ദർശിച്ചിട്ടുണ്ട് എന്ന് കണക്കാക്കാനാവില്ല. ഈ പ്രചാരണങ്ങളുടെ ഫലമായി കേരളം ഇന്ന് ലോകശ്രദ്ധ പിടിച്ചുപറ്റിയ ഒരു ടൂറിസം ഡസ്റ്റിനേഷനായി അംഗീകരിക്കപ്പെട്ടിരിക്കുന്നു. എന്നാൽ ഫലപ്രദമായ പ്രചാരണ പ്രവർത്തനങ്ങളിലൂടെ 1994-ൽ കേരളം സന്ദർശിച്ച ടൂറിസ്റ്റുകളുടെ എണ്ണം 1,04,568 ആയിരുന്നത് 1999-ൽ 202173 ആയും 2000-ൽ 2,09,893 ആയും (താൽക്കാലിക കണക്കുകൾ) വർദ്ധിച്ചിട്ടുണ്ട്.

കാസർകോട് ജില്ലയിലെ ടൂറിസം വികസനം

166 (1101) ശ്രീ. ചെർക്കളം അബ്ദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദസഞ്ചാര-നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ വർഷം ടൂറിസം വികസനത്തിനായി കാസർകോട് ജില്ലയിൽ എന്തൊക്കെ പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട് ;

(ബി) ഈ വകയിൽ എത്ര രൂപ ചെലവഴിച്ചു ;

---

† അനുബന്ധം - XXI

LIBRARY ARCHIVES Kerala Legislative Assembly

Explanatory Note

(This does not form part of the notification, but is intended to indicate its general purport).

The recent liquor tragedy at Kalluvathukkal and Kottarakkara in Kollam District and at Pallippuram in Thiruvananthapuram District has resulted in the death of more than thirty persons in addition to loss of sight to many persons who consumed the illicit brew. A number of persons are reported to be involved in this crime and some of them have been arrested and remanded to judicial custody. Government consider that an inquiry is necessary to disclose the whole circumstances which led to the incidents.

This notification is intended to achieve the above objective.

അനുബന്ധം XXI

[28-2-2001-ലെ നക്ഷത്ര ചിഹ്നമിടാത്ത 165 (1100) -ാം നമ്പർ ചോദ്യത്തിന്റെ ഉത്തരം ദയവായി കാണുക]

ഉദ്യോഗസ്ഥന്റെ പേര്	സന്ദർശിച്ച രാജ്യങ്ങൾ
1. ശ്രീ. ആഷിഷ് കുമാർസിംഗ്, മാനേജിംഗ് ഡയറക്ടർ, കെ. റ്റി. ഡി. സി	സിങ്കപ്പൂർ, മാലിദ്വീപ്, ജർമ്മനി
2. ഡോ. എ. ജയതിലക്, മാനേജിംഗ് ഡയറക്ടർ, കെ. റ്റി. ഡി. സി	ജർമ്മനി, ലണ്ടൻ, സിങ്കപ്പൂർ, ഇറ്റലി
3. ശ്രീ. സാജൻപീറ്റർ, ടൂറിസം ഡയറക്ടർ	സിങ്കപ്പൂർ, ഇംഗ്ലണ്ട്
4. ശ്രീ. യു. കെ. എസ്. ചൗഹാൻ, ടൂറിസം ഡയറക്ടർ	ഇംഗ്ലണ്ട്, ദുബായ്
5. ഡോ. രാജൻ എൻ. കെ. അഡീഷണൽ ഡയറക്ടർ (ടൂറിസം)	ദുബായ്
6. ഡോ. വേണു. വി. ടൂറിസം ഡയറക്ടർ	ഇംഗ്ലണ്ട്, ജർമ്മനി, സിങ്കപ്പൂർ, ദുബായ്, ഇറ്റലി, ഫ്രാൻസ്
7. ശ്രീ. ജോസ് സിറിയക്, ടൂറിസം സെക്രട്ടറി	ഇംഗ്ലണ്ട്, ജർമ്മനി
8. ശ്രീ. അമിതാഭ്കാന്ത്, ടൂറിസം സെക്രട്ടറി	ഇംഗ്ലണ്ട്, ജർമ്മനി, ദുബായ്, ഇറ്റലി, ജർമ്മനി, ഫ്രാൻസ്

LIBRARY ARCHIVES Kerala Legislative Assembly